**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം — 15.12.2015 -ൽ മറുപടിക്ക്
നമ്പർ : **3039**

## കോട്ടപ്പുറം കടിവെള്ള പദ്ധതിയ്ക്ക് പുറമ്പോക്ക് ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എം.എ.ബേബി | | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) കോട്ടപ്പുറം കടിവെള്ള പദ്ധതിയുടെ ആവശ്യത്തിലേക്കായി പുറമ്പോക്ക് ഭൂമി ലഭ്യമാക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | മുളവന വില്ലേജിൽ ബ്ലോക്ക് 9-ൽ റീസർവ്വേ നമ്പർ 38-ൽപ്പെടുന്ന സർക്കാർ പുറമ്പോക്കിൽ നിന്നും 02.02 ആർ വസ്തു റവന്യൂ വകുപ്പിൽ ഉടമസ്ഥാവകാശം നിലനിർത്തി പഞ്ചായത്തിന് ഓവർ ഹെഡ് ടാങ്ക് നിർമ്മിക്കുന്നതിന് അനുമതി നൽകുന്നതിന് ജില്ലാ കളക്ടർ റിപ്പോർട്ട് നൽകിയിരുന്നു. റോഡ് പുറമ്പോക്ക് സ്ഥലം പതിവിന് വിധേയമല്ലാത്തിനാലും പഞ്ചായത്തിന്, ഭൂമി കൈമാറ്റ വ്യവസ്ഥ പ്രകാരം സർക്കാർ പുറമ്പോക്ക് നൽകാൻ നിർവ്വാഹമില്ലാത്തതിനാലുമാണ് വസ്തു വിന്റെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ തന്നെ നിലനിർത്തി പഞ്ചായത്ത്/വാട്ടർ അതോറിറ്റിയ്ക്ക് പെർമിസ്സീവ് സാങ്ഷൻ നൽകുന്നതിന് ജില്ലാ കളക്ടർ ശുപാർശ നൽകിയിട്ടുള്ളത്. ഇതു സംബന്ധിച്ച തുടർ നടപടികൾ സ്വീകരിക്കുന്നതിന് പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാപത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ പത്രിക എന്നിവ ലഭ്യമാക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചെങ്കിലും പഞ്ചായത്തിൽ നിന്നും റിക്കാർഡുകൾ ലഭ്യമായിട്ടില്ല. |
| (ബി) ഇക്കാര്യത്തിൽ റവന്യൂ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടായ കാലതാമസ ത്തിന്റെ കാരണം വിശദമാക്കുമോ; | (ബി) | പേരയം ഗ്രാമപഞ്ചായത്തിന്റെ അർത്ഥനാ പത്രം, ഭൂമിയുടെ കമ്പോളവില നിർണ്ണയ സ്റ്റേറ്റ്മെന്റ് എന്നിവ ലഭിക്കാത്തതിനാലാണ് കാലതാമസം ഉണ്ടായിട്ടുള്ളത്. |
| (സി) ഇതിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ മാതൃകാ പരമായ നടപടി സ്വീകരിക്കുമോ? | (സി) | റവന്യൂ വകുപ്പിൽ കാലതാമസമുണ്ടായോ എന്നു പരിശോധിച്ച് മനപൂർവ്വമായ കാലതാമസം ഉണ്ടായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർ ക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**